**16.01.2025 തീയതിയിൽ ബഹു. കൊല്ലം ജില്ലാ അഡീഷണൽ മജിസ്ട്രേറ്റിന്റെ അദ്ധ്യക്ഷതയിൽ നടന്ന കൊല്ലം ജില്ലാ എക്സ്പോർട്ട് പ്രമോഷൻ കമ്മിറ്റി മീറ്റിംഗിന്റെ മിനുട്സ്**

**ഹാജർ**

1 ശ്രീ. നിർമ്മൽകുമാർ ജി, കൊല്ലം ജില്ലാ അഡീഷണൽ മജിസ്ട്രേറ്റ്

2 ശ്രീ. ശിവകുമാർ കെ എസ്, ജനറൽ മാനേജർ, DIC, കൊല്ലം

3 ശ്രീ. രാജേഷ് കുമാർ എസ്, പ്രിൻസിപ്പൽ അഗ്രിക്കൾച്ചർ ഓഫീസർ, കൊല്ലം

4 ശ്രീമതി. അരുണിമ വി റ്റി, ലീഡ് ബാങ്ക് മാനേജർ, ഇൻഡ്യൻ ബാങ്ക്, കൊല്ലം

5 ശ്രീ. നൗഫൽ സലാം, ചെയർമാൻ, Cashew Export Promotion Council of India(CEPCI)

6 ശ്രീ. എം ജവഹർ, ജില്ലാ പ്രസിഡന്റ്, KSSIA, കൊല്ലം

7 ശ്രീമതി. രേണു എസ് നായർ, Executive Director and Secretary(I/C), CEPCI

8 ശ്രീ. കിരൺ എസ്, മാനേജർ (EI), DIC, കൊല്ലം

9 ശ്രീ. ജസീം ഐ, മാനേജർ (JP), DIC, കൊല്ലം

10 ശ്രീ. ബിനു ബാലകൃഷ്ണൻ, മാനേജർ (RET), DIC, കൊല്ലം

**ഗൂഗിൾ മീറ്റ് വഴി പങ്കെടുത്തവർ**

1 ശ്രീ. ഹസ്സൻ ഉസൈദ് അസൈൻ, ഡെപ്യൂട്ടി ഡയറക്ടർ, ഡയറക്ടറേറ്റ് ജനറൽ ഓഫ് ഫോറിൻ ട്രേഡ്, എറണാകുളം

2 ശ്രീ. സന്ദീപ് എസ് കുമാർ, ജോയിന്റ് ഡയറക്ടർ, ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സ്, എറണാകുളം

3 ശ്രീമതി. രാഖിമോൾ ജെ, AGM, NABARD കൊല്ലം

4 ശ്രീമതി. ലചിതമോൾ യു സി, Assistant Director MSME DFO,THRISSUR

5 ശ്രീ. രാജീവ് എം സി, State Head, Federation of Indian Export Organization

6 ശ്രീ. കെ ആർ നാരായണപിള്ള, സ്പെഷ്യൽ ഇൻവൈറ്റി (എക്സ്പേർട്ട്)

ബഹു. കൊല്ലം ജില്ലാ അഡീഷണൽ മജിസ്ട്രേറ്റ് ശ്രീ. നിർമ്മൽകുമാർ ജി യുടെ അദ്ധ്യക്ഷതയിൽ 16/01/2025, 2.30 പി.എം. – ന് യോഗം ആരംഭിച്ചു. യോഗത്തിന്റെ കൺവീനറായ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ എല്ലാവരേയും സ്വാഗതം ചെയ്തു. സ്റ്റേറ്റ് ബിസിനസ് റിഫോംസ് ആക്ഷൻ പ്ലാൻ (SBRAP-2024) പ്രകാരം ജില്ലയിലെ എക്സ്പോർട്ട് പ്രമോഷൻ കമ്മിറ്റി, എക്സ്പോർട്ടേഴ്സിന്റെ മീറ്റിംഗ് എന്നിവ വിളിച്ച് കൂട്ടേണ്ട ആവശ്യകതയെക്കുറിച്ചും ഡിസ്ട്രിക്ട് എക്സ്പോർട്ട് ആക്ഷൻ പ്ലാൻ അപ്ഡേറ്റ് ചെയ്യേണ്ടതിനെ സംബന്ധിച്ചും ജില്ലാ വ്യവസായ കേന്ദ്രം മാനേജർ ശ്രീ. ബിനു ബാലകൃഷ്ണൻ യോഗത്തെ അറിയിച്ചു.

കേരള സംസ്ഥാനത്തിലെ ഉല്പന്നങ്ങൾക്കും സേവനങ്ങൾക്കും അന്താരാഷ്ട്ര വിപണി ഉറപ്പാക്കുന്നതിനായി ഓരോ ജില്ലയും കയറ്റുമതി കേന്ദ്രമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ രൂപീകരിച്ചിട്ടുള്ള District Level Export Promotion Committee, കൊല്ലം ജില്ല കമ്മിറ്റിയുടെ രണ്ടാമത്തെ മീറ്റിംഗിൽ കമ്മറ്റി അംഗങ്ങൾ കയറ്റുമതി രംഗത്തെ സാധ്യതകളും പ്രശ്നങ്ങളും അവയുടെ പരിഹാര മാർഗ്ഗങ്ങളും സംബന്ധിച്ച് വിവിധ അഭിപ്രായങ്ങൾ പങ്കുവെച്ചു.

കാഷ്യൂ മേഖലയിലെ വിദഗ്ധനായ ശ്രീ. നാരായണപിള്ള കാഷ്യൂ സീഫുഡ് എന്നിവയുടെ പ്രോത്സാഹനത്തിനായി ഊർജ്ജിത നടപടികൾ സ്വീകരിക്കേണ്ടതിനെ സംബന്ധിച്ചും കാഷ്യൂ ഉൽപാദനത്തിലും, കയറ്റുമതിയിലും യൂറോപ്യൻ നിലവാരം ഉറപ്പുവരുത്തേണ്ടതിനെ സംബന്ധിച്ചും വിശദീകരിച്ചു. കൊല്ലം ജില്ലയുടെ സമ്പദ് വ്യവസ്ഥയുടെ അടിസ്ഥാന സ്രോതസായിരുന്ന കാഷ്യൂ സെക്ടർ നിലവിൽ വളരെ പരിതാപകരമായ

അവസ്ഥയിലാണെന്നും, ലോൺ എൻ.പി.എ ആയ കാഷ്യൂ യൂണിറ്റുകളുടെ പുനരുദ്ധാരണത്തിനായി ഫണ്ടിന്റെ അപര്യാപ്തതയുണ്ടെന്നതിനാൽ ആയതിന്മേൽ ഫലപ്രദമായ നടപടികൾ കൈക്കൊള്ളണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. സീഫുഡ് പ്രോഡക്ടിന് Raw material availability അപര്യാപ്തമായതിനാൽ ഈ മേഖലയ്ക്ക് വേണ്ടി നാഷണൽ പ്ലാൻ തയ്യാറാക്കണമെന്നും അഭിപ്രായപ്പെട്ടു. ഓരോ മേഖലയിലും ഉല്പന്ന അധിഷ്ഠിതവും ടൈം ലൈനുകൾ ചേർത്തതുമായ action plan കൾ കയറ്റുമതി പ്രോത്സാഹനത്തിന് ഉണ്ടാകേണ്ടതാണെന്നും അഭിപ്രായപ്പെട്ടു.

കാഷ്യൂ സെക്ടറിലെ യൂണിറ്റുകളുടെ വിപുലീകരണത്തിനായി മിഷൻ 1000 സ്കീം പ്രയോജനപ്പെടുത്താവുന്നതാണെന്ന് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ അറിയിച്ചു.

കാർഷിക മേഖലയിൽ നിന്നുള്ള പ്രോഡക്ട്സ് കയറ്റുമതിയിലേക്ക് കൊണ്ടുവരുന്നതിന് കാർഷിക വിഭവങ്ങളുടെ ലഭ്യത കുറവ് നിലവിലുണ്ടെന്ന് പ്രിൻസിപ്പൽ അഗ്രിക്കൾച്ചർ ഓഫീസറായ ശ്രീ. രാജേഷ് കുമാർ അഭിപ്രായപ്പെട്ടു. കൂടാതെ കൃഷി വകുപ്പിന്റെ പരിധിയിൽ Mushroom based, Jackfruit based യൂണിറ്റുകൾ നിലവിലുള്ളതായി അദ്ദേഹം അറിയിച്ചു. ലഭ്യതയിൽ കുറവുണ്ടെങ്കിലും നാളികേര അധിഷ്ഠിത യൂണിറ്റുകൾക്കും ജില്ലയിൽ കയറ്റുമതി സാധ്യത ഉണ്ടെന്ന് അദ്ദേഹം അറിയിച്ചു.

കാഷ്യൂ മേഖല വളരെ പരിതാപകരമായ രീതിയിൽ പൊയ്ക്കൊണ്ടിരിക്കുകയാണെന്നും ആയതിനുള്ള കാരണം ബാങ്കിംഗ് മേഖലയിൽ നിന്നും കാര്യമായ സഹായ സഹകരണങ്ങൾ ഇല്ലാത്തതാണെന്നും ആയതിനാൽ കാഷ്യൂ മേഖല പുനരുദ്ധരിക്കുന്നതിന് ബാങ്കുകളുമായി ഒരു മീറ്റിംഗ് കൂടുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് Cashew Exporters Promotion Council of India ചെയർമാൻ, ശ്രീ. നൗഫൽ സലാം അഭിപ്രായപ്പെട്ടു. കൂടാതെ ചെറുകിട സംരംഭങ്ങൾക്ക് കയറ്റുമതി നടപടിക്രമങ്ങളെ സംബന്ധിച്ച് ട്രെയിനിംഗ് നൽകേണ്ടതാണെന്നുള്ള ആവശ്യം കൂടി ഉന്നയിച്ചു.

എല്ലാ ജില്ലകളിലെയും ആക്ഷൻ പ്ലാൻ ഡി.ജി.എഫ്.ടി കൊച്ചി ഓഫീസിൽ നിന്നും ഡൽഹിയിലേക്ക് അയച്ചിട്ടുണ്ടെന്നും ആയതിൽ നടപടി ഉണ്ടായിട്ടുള്ളതായി അറിവായിട്ടില്ലെന്നും DGFT ഡെപ്യൂട്ടി ഡയറക്ടർ, ശ്രീ. ഹസ്സൻ ഉസൈദ് അസൈൻ വ്യക്തമാക്കി. കയറ്റുമതിയുമായി ബന്ധപ്പെട്ട് എല്ലാ ജില്ലകളിലും DGFT എറണാകുളം ഓഫീസിൽ നിന്നും പ്രോഗ്രാമുകൾ സംഘടിപ്പിക്കാറുണ്ടെന്നും ആയതിന് ജില്ലാ വ്യവസായ കേന്ദ്രം നടപടി സ്വീകരിക്കുകയാണെങ്കിൽ തങ്ങൾ പ്രസ്തുത വിഷയത്തിൽ സഹകരിക്കുന്നതാണെന്നും ശ്രീ.ഹസ്സൻ അറിയിക്കുകയുണ്ടായി. കൂടാതെ E-Commerce export ന്റെ സാധ്യതകളെ സംബന്ധിച്ചും അദ്ദേഹം സംസാരിച്ചു.

കാഷ്യൂ സെക്ടറിന്റെ പുനരുദ്ധാരണത്തിനായി വ്യക്തമായ പ്രൊപ്പോസലുകൾ ഒന്നും ലഭിച്ചിട്ടില്ലെന്ന് ലീഡ് ബാങ്ക് മാനേജർ ശ്രീമതി. അരുണിമ.വി.റ്റി അറിയിച്ചു. തേനിൽ നിന്നുള്ള പ്രോഡക്ട്സിന് ധാരാളം കയറ്റുമതി സാധ്യത ഉണ്ടെന്നും എൽ.ഡി.എം അറിയിച്ചു.

കയറ്റുമതി ചെയ്യുന്ന സ്ഥാപനങ്ങളുടെ ആവശ്യങ്ങൾക്ക് അനുരൂപമായ പ്രത്യേക പാക്കേജുകൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് ബാങ്കിംഗ് മേഖലയിൽ നിന്നും നടപടി സ്വീകരിക്കേണ്ടതുണ്ടെന്ന് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ നിർദ്ദേശിച്ചു. ജില്ലയിൽ മരച്ചീനി അധിഷ്ഠിത ഉല്പന്നങ്ങൾക്കും കയറ്റുമതി സാധ്യതയുണ്ടെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

District Level Export Promotion Committee യുടെ ഒന്നാമത്തെ മീറ്റിംഗിൽ കൂടുതലായി ചർച്ച ചെയ്ത കാഷ്യൂ, മറൈൻ പ്രോഡക്ടുകൾക്കു പുറമേ മറ്റു ഫുഡ് പ്രോഡക്ടുകൾ കൂടി ഉൾപ്പെടുത്തണമെന്ന് ശ്രീ. രാജീവ് എം.സി, സ്റ്റേറ്റ് ഹെഡ് FIEO അറിയിച്ചു. കൂടാതെ ചുവടെ പറയുന്ന അഭിപ്രായങ്ങൾ കൂടി നിർദ്ദേശിച്ചു. സ്വതന്ത്ര വ്യാപാര കരാർ സംബന്ധിച്ച് അവബോധം നൽകണമെന്നും MSME കളുടെ എക്സ്പോർട്ട് പ്രമോഷന് വേണ്ടി ട്രെയിനിംഗ് പ്രോഗ്രാമുകൾ സംഘടിപ്പിക്കണമെന്നും അദ്ദേഹം നിർദ്ദേശിച്ചു.

കയറ്റുമതി സാധ്യതയുള്ള മേഖലയിൽ ഫ്രൈഡ് ഫുഡ്സ് കൂടി ഉൾപ്പെടുത്താവുന്നതാണെന്ന് KSSIA ജില്ലാ പ്രസിഡന്റ് ശ്രീ. എം. ജവഹർ അഭിപ്രായപ്പെട്ടു, കൂടാതെ ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് കയറ്റുമതി സംബന്ധിച്ച് ഒരു ക്ലാസ് നൽകണമെന്നും കൂട്ടിച്ചേർത്തു.

നബാർഡിന്റെ പ്രതിനിധിയായ ശ്രീമതി. രാഖിമോൾ ജെ, AGM, NABARD, കൊല്ലം Export

Facilitation Centre ജില്ലാതലത്തിൽ സ്ഥാപിക്കണമെന്നുള്ള അഭിപ്രായം രേഖപ്പെടുത്തി.

Footwear മേഖലയിൽ BIS മുദ്ര ഇല്ലാതെ പ്രവർത്തിക്കുന്ന യൂണിറ്റുകൾ ധാരാളമുള്ളതായി കാണപ്പെട്ടിട്ടുണ്ട്, ഫുട്‌വെയർ യൂണിറ്റുകൾ നിർബന്ധമായും ബി.ഐ.എസ് രജിസ്ട്രേഷൻ എടുക്കേണ്ടതും എല്ലാത്തരം ഫുട്‌വെയറുകൾക്കും ബി.ഐ.എസ് രജിസ്ട്രേഷൻ മാൻഡേറ്ററി ആണെന്നും ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സ് ജോയിന്റ് ഡയറക്ടർ, ശ്രീ. സന്ദീപ് എസ് കുമാർ അറിയിച്ചു.

കയറ്റുമതി മേഖലയിലുള്ള സംരംഭകർക്ക് വേണ്ട കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാമുകൾ നടത്തുന്നതിന് വേണ്ട നടപടി സ്വീകരിക്കണമെന്നും ഡിസ്ട്രിക്ട് എക്സ്പോർട്ട് പ്രൊമോഷൻ കമ്മിറ്റി കൃത്യമായി ചേരേണ്ടതാണെന്നും ജില്ലാ അഡീഷണൽ മജിസ്ട്രേറ്റ്, ശ്രീ. നിർമ്മൽകുമാർ ജി നിർദ്ദേശം നൽകി.

യോഗം 4.00 പി.എം –ന് അവസാനിച്ചു.

Signed by
K S Sivakumar
Date: 23-01-2025 14:58:41

ഡെപ്യൂട്ടി കളക്ടർ (ജനറൽ) &
അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റ്
കൊല്ലം